പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.109 — 04.02.2013 ൽ മറുപടിയ്ക്ക്

പറമ്പിക്കുളം-ആളിയാർ കരാർ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.ബി.ഡി.ദേവസ്സി | | ശ്രീ. ഉമ്മൻചാണ്ടി<br>(ബഹു.മുഖ്യമന്ത്രി) |
| (എ)പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരം എല്ലാ വർഷവും ഫെബ്രുവരി 1 ന് കേരള ഷോളയാർ റിസർവ്വോയർ നിറച്ചിരിക്കണമെന്ന വ്യവസ്ഥ മുൻകാലങ്ങളിൽ കൃത്യമായി പാലിക്കപ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) ഇതിനായി എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | (ബി) | പി.എ.പി. കരാർ പ്രകാരം, കേരള ഷോളയാറിൽ സെപ്റ്റംബർ 1-നും ഫെബ്രുവരി 1-നും, Full Reservoir Level (FRL) നിലനിർത്തണമെന്ന് കേരളം, സംയുക്ത ജലക്രമീകരണ ബോർഡ് (JWRB) യോഗങ്ങളിൽ ശക്തമായി ഉന്നയിക്കാറുണ്ട്.<br>തമിഴ്നാട്, കേരള ഷോളയാർ റിസർവോയറിൽ പി.എ.പി കരാർ പ്രകാരം FRL നിലനിർത്താത്തത് കരാർ വ്യവസ്ഥയുടെ ലംഘനമായി കണക്കാക്കി, കേരളം കരാർ പുനരവലോകന ചർച്ചകളിൽ ഇക്കാര്യം ശക്തമായി ഉന്നയിച്ചിട്ടുണ്ട്. കരാർ വ്യവസ്ഥ പാലിക്കപ്പെടാത്തതിനാൽ കേരളത്തിനുണ്ടായ ഊർജ്ജ നഷ്ടത്തിന് പരിഹാരം കാണണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ കരാറിൽ നഷ്ടപരിഹാരത്തിന് വ്യവസ്ഥ ഇല്ലാത്തതിനാലും, കരാർ പുനരവലോകന ചർച്ചകൾ ഇതുവരെ ഫലപ്രാപ്തിയിൽ എത്തിച്ചേരാത്തതിനാലും, ഈ വിഷയത്തിന് ഒരു അന്തിമ തീരുമാനമായിട്ടില്ല. |

സെക്ഷൻ ഓഫീസർ